# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പൂരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./റ്റി.വി.എം./ജി.പി.2/2055/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പൂരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./റ്റി.വി.എം./ജി.പി.2/2055/2022 തീയ്യതി: 13/02/2023

## തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 18-10-2022 | 27-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2022 | 27-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
2. ശ്രീ അനിൽകുമാർ.ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. ശ്രീ സുരേഷ്ബാബു.ബി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
4. ശ്രീമതി പ്രീതാജാസ്മിൻ.ഡി.ആർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വത്സല രാജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സലീൽ.എ.സോണി | സെക്രട്ടറി | 01-04-2021 | 12-09-2021 |
| ശ്രീ.സന്തോഷ് കുമാർ.പി.ബി | സെക്രട്ടറി | 13-09-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ പ്രവീൺ | അസിസ്റ്റന്റ് എഞ്ചിനീയ**ർ** | 01-04-2021 | 31-03-2022 |
| ഡോ.പ്രദീപ് രശ്മി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യ.എസ്.കുമാർ | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.രവികുമാർ | മെഡിക്കൽ ഓഫീസർ,ഹോമിയോ ) | 01-04-2021 | 31-03-2022 |
| ഡോ.അശ്വതി | വെറ്റിറിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് പി.ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദുകുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സൂബി.ജെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിംന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീല.ഐ.ജി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-05-2021 |
| ശ്രീമതി ചിന്നമ്മ.കെ | ഹെഡ് മിസ്ട്രസ്സ് | 31-05-2021 | 28-10-2021 |
| ശ്രീമതി സാജിദ ബീവി | ഹെഡ് മിസ്ട്രസ്സ് | 29-10-2021 | 30-11-2021 |
| ശ്രീമതി ഷീബ.ആർ.ഇ | ഹെഡ് മിസ്ട്രസ്സ് | 01-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പെൻഷൻ | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-2,65,493/- രൂപയുടെ തടസ്സം ചെലവ് തടസ്സം ചെയ്യുന്നു. | 1-10 |
| 11 | കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല. | 1-11 |
| 12 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം | 1-12 |
| 13 | ആയുർ വേദമരുന്നുകൾ പൂർണമായും ലഭ്യമായില്ല | 1-13 |
| 14 | വി.ഇ.ഓ.നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയില്ല. 10143884/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 15 | പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും-അവലോകനം | 1-15 |
| 16 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-16 |
| 17 | റോഡ് പദ്ധതികൾ നിർദ്ദേശം പാലിക്കാതെ നടപ്പാക്കുന്നു. | 1-17 |
| 18 | എ.ഇ.ഓഫീസിന് ഉപകരണങ്ങൾ വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-18 |
| 19 | സ്റ്റീൽ പ്രവൃത്തി- Built Up Tubular-round,square Or Rectangular Hollow Tubes Etc ഉപയോഗിച്ചുള്ള Stess Work അധിക നിരക്ക് കണക്കാക്കി തുക നല്കി- നഷ്ടം 1850/-രൂപ. | 1-19 |
| 20 | വെയറിംഗ് കോട്ട് അധിക അളവിൽ രേഖപ്പെടുത്തി തുക നൽകി-നഷ്ടം 4098/-രൂപ | 1-20 |
| 21 | വി.ഇ.ഓ.നടപ്പിലാക്കിയ കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി സ്റ്റോക്ക് രജിസിറ്റർ സൂക്ഷിക്കുന്നില്ല. | 1-21 |
| 22 | പ്രീ-മൺസൂൺ ശുചീകരണം-100000/ രൂപയുടെ ചെലവ് വിവരങ്ങൾ ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-22 |

| | | |
|---|---|---|
| 23 | എസ്.എസ്.എ വിഹിതം - ചെലവ് തുകയായ100000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-23 |
| 24 | തുല്യത പദ്ധതി-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 25 | അമൃതം ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് നടത്തിയിട്ടില്ല | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 20.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രതീക്ഷിത വരവ് 233469717/- (മുന്നിരിപ്പ് ഉൾപ്പെടെ) രൂപയും പ്രതീക്ഷിത ചെലവ് 230668366/-രൂപയും 2801351/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. 2021-22 വർഷത്തെ റിവൈസ്ഡ് ബജറ്റ് 18.03.2022-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

1.ബജറ്റ് പ്രൊപ്പോസൽ.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം.കത്ത് നം A3-1/20 തീ 25.01.2021 പ്രകാരം ഘടകസ്ഥാപനങ്ങളിൽനിന്നും സെക്രട്ടറി പ്രൊപ്പോസലുകൾ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ കൃഷി ഓഫീസ്, ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ ഒഴികെ മറ്റ് സ്ഥാപനങ്ങളുടെ ബജറ്റ് പ്രൊപ്പോസൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല .

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

3.ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം, ഹെഡ് കോഡ് (ബജറ്റ് പ്രകാരം ) | AFS പ്രകാരമുള്ള ഹെഡ് കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2208001-മറ്റ് ഭരണചെലവുകൾ | 220800102<br>220800103<br>220800104<br>220800105<br>220800199 | 10000 | 51859 |
| 2. | 2308001-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 230800104<br>230800110<br>230800114 | 500000 | 2477148 |
| 3. | 2501002-കൃഷിയും അനുബന്ധമേഖലകളും-മറ്റ് വിളകൾ | 250100201 | 0 | 312000 |
| 4. | 2501003-മറ്റ് കാർഷിക വികസനപരിപാടികൾ | 250100301 | 0 | 79968 |

| | | | | |
|---|---|---|---|---|
| 5 | 2511006-സർവ്വശിക്ഷ അഭിയാനം മറ്റ് വിദ്യാഭ്യാസ പരിപാടികളും | 251100601 | 0 | 100000 |
| 6 | 2512026-പൊതു ശുചിത്വം മാലിന്യപരിപാലനം | 251202601 | 0 | 225000 |
| 7 | 2513004-വൈദ്യുതീകരണം | 251300401 | 30000 | 240000 |

2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | ഇനം, ഹെഡ് കോഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 2204001 | ഇൻഷ്വറൻസ് /രജിസ്ട്രേഷൻ | 20000 | 0 |
| 2 | 2206001 | പരസ്യവും/പ്രചരണവും | 25000 | 0 |
| 3 | 2501040 | മൃഗസംരക്ഷണം-രോഗനിയന്ത്രണം | 401000 | 0 |
| 4 | 2502003 | വെള്ളപ്പൊക്ക നിവാരണം | 120000 | 0 |
| 5 | 2503014 | പരമ്പരാഗത കൈതൊഴിലുകൾ | 100000 | 0 |
| 6 | 2511008 | യുവജനക്ഷേമം | 50000 | 0 |
| 7 | 2511009 | വായനശാലകളും, റീഡിംഗ് റൂമുകളും | 50000 | 0 |
| 8 | 2512024 | പകർച്ചവ്യാധി നിയന്ത്രണം | 693000 | 0 |
| 9 | 2512025 | പൊതു കടിവെള്ള വിതരണം | 300000 | 0 |
| 10 | 2513009 | വനിതാക്ഷേമപരിപാടി | 243640 | 0 |
| 11 | 2516001 | ടൂറിസം | 500000 | 0 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/2022-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ പ്രസ്തുത അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകതകൾ പരിഹരിച്ച് കൃത്യമായി പ്രതീക്ഷിത വരവും ചെലവും മുൻവർഷ കണക്കുകളുടെയും ഡിമാന്റിന്റെയും അടിസ്ഥാനത്തിൽ

വിലയിരുത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 13-06-2022 |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. വാർഷിക അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 116340085/- ചെലവ് 125272135/-)

3.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (2035568) എന്നത് Net Increase/decrease In Cash And Cash Equivalents(1365143) മായി പൊരുത്തപ്പെടുന്നില്ല.

4.2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില യിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

5.2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

6.2020-21-ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-5 പ്രകാരം 330500102 എന്ന ഹെഡിൽ (Secured Loan From Co-operative Banks) 606678/- രൂപ ബാധ്യതായി ഉൾപ്പെടുത്തിയിരുന്നു. ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7.B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി) രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

8. Other Advance (460100199) എന്നയിനത്തിൽ 100608/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

9.Advance To Others, Other Advance എന്നീയിനങ്ങളിൽ ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം നൽകിയ തുക (ധനകാര്യ പത്രിക പ്രകാരം) | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യപത്രിക പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|
| Advance To Others | 615389 | 1715204 | 0 | 1533783 | 796810 |
| Other Advance | 0 | 222635 | 1650 | 100608 | 120377 |

10.Profession Tax Iinstitution/Professionals/ Traders (Arrear), License Fees For Dangerous And Offensive Traders (Arrear) എന്നീയിനങ്ങളിൽ യഥാക്രമം 960/-, 1500/- രൂപ വരവ് ഉണ്ട്. പ്രസ്തുത തുക മുൻവർഷ ധനകാര്യപത്രിക ബി-15-ൽ ഉൾപ്പെടുത്തിയിട്ടില്ല.

11.വാർഷിക കണക്കുകളിലെ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ തുകകൾക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതായി കാണുന്നു.

| ഹെഡ് | | 31.03.2021 ലെ നീക്കിയിരുപ്പ് | 31.03.2022ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 320100199 | Grants,Funds,&Contribution For Specific Purposes-central Govt | 39140 | 39140 |
| 320200315 | Local Area Development Fund For Members Of | 539643 | 539643 |

| | | | |
|---|---|---|---|
| | Parliament | | |
| 320200399 | Grants,Funds-other Than Development Fund And State Sponsore | 7104 | 7104 |
| 320300103 | Total Sanitation | 188210 | 18820 |
| 320700205 | Joint Venture Projects-District Panchayath | 1226407 | 1226407 |
| 320700405 | Contributions From District Panchayath | 66960 | 66960 |
| 350200301 | Recoveries Payable -COVID | 298019 | 298019 |

വിവിധ ഏജൻസികൾ ലഭ്യമാക്കിയിട്ടുള്ള തുകകൾ വിനിയോഗിക്കകയോ അല്ലാത്തപക്ഷം തിരിച്ചടയ്ക്കകയോ ചെയ്യേണ്ടതാണ്.

12. ധനകാര്യപത്രിക പ്രകാരം വിവിധയിനങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| | ധനകാര്യപത്രിക പ്രകാരം | | | | രജിസ്റ്റർ പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
| Suppliers Earnest Money Deposit | 13000 | 17800 | 13800 | 17000 | 13000 | 31600 | 27600 | 17000 |
| Contractors Retention | 9347 | 0 | 0 | 9347 | 0 | 0 | 0 | 0 |
| Rent Deposit | 15500 | 0 | 0 | 15500 | 0 | 0 | 0 | 0 |

ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13.മൂന്ന് വർഷത്തിലധികമായ Bidders EMD, Suppliers Security Deposits, തുടങ്ങിയയിനങ്ങളിലെ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.

14. ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Issued But Not Presented In To Bank എന്നയിനത്തിൽ കളക്ഷനാകാത്ത തുകകൾ കളക്ഷനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| അക്കൌണ്ട് | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| ഫെഡറൽബാങ്ക് | 161893 | 07.01.20 | 1439 |
| എസ്.സി.ബി തനത് ഫണ്ട് | 7710 | 24.06.21 | 952 |
| | 7772 | 13.09.21 | 250 |
| | 7858 | 04.12.21 | 1680 |
| | 7852 | 03.12.21 | 1540 |

15. എസ്.സി.ബി തനത് ഫണ്ട് അക്കൌണ്ടിന്റെ 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Deposited But Not Collected എന്നയിനത്തിൽ 37953/- രൂപ കളക്ഷനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം | തീയതി | തുക |
|---|---|---|
| 614044 | 24.10.19 | 7823 |
| 614044 | 24.10.19 | 9540 |
| 614044 | 24.10.19 | 9540 |
| 894536 | 24.10.19 | 11050 |
| ആകെ | | 37953 |

പ്രസ്തുത തുക തനത് ഫണ്ട് അക്കൌണ്ടിൽ കളക്ഷനായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

16.എം.ജി.എൻ.ആർ.ഇ.ജി.എസ് ധനകാര്യപത്രികയിലെ തുക ക്യാഷ്ബുക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ധനകാര്യപത്രികപ്രകാരം | | ക്യാഷ് ബുക്ക് പ്രകാരം | |
|---|---|---|---|
| വരവ് | ചെലവ് | വരവ് | ചെലവ് |
| 997766 | 73911 | 999714 | 1001341 |

17.എം.ജി.എൻ.ആർ.ഇ.ജി.എസ്- I-6 പ്രകാരമുള്ള തുകയും(993062) I-14 (A) പ്രകാരമുള്ള തുകയും(1001341) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

18.I-18 Prior Period Items – 280100104, Property Tax On Non Residential Buildings,എന്ന ഹെഡിൽ 141693/- രൂപ കുറവു ചെയ്തിട്ടുണ്ട്. പ്രസ്തുത ട്രാൻസാക്ഷനുമായി ബന്ധപ്പെട്ട രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

19. I-18 Prior Period Items – (280200401) Prior Period Income എന്ന ഹെഡിൽ 2244665/- രൂപ ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഒഴിവാക്കിയതുമായി ബന്ധപ്പെട്ടരേഖകൾ ഹാജരാക്കിയിട്ടില്ല

20. SBI PFMS Sucithwa Mission എന്ന അക്കൌണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

21. ബി-5 പ്രകാരം വായ്പയിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (27489961)

രജിസ്റ്റർ പ്രകാരമുള്ള തുകയുമായി (2517400) പൊരുത്തപ്പെടുന്നില്ല.

22.ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് | വരവ് | ചെലവ് | | നീക്കിയിരുപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| | | ധനകാര്യപത്രികപ്രകാരം | സുലേഖ പ്രകാരം | | |
| 736242 | 1067157 | 1295282 | 1167157 | 508117 | 128125 |

## 1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – ചെലവ് – നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11387594 | 11387594 | 14124497 | -2736903 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3127834 | 3127834 | 2818026 | 309808 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2286299 | 2286299 | 2539116 | -252817 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6215744 | 6215744 | 4737484 | 1478260 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 3312025 | 3312025 | 2767432 | 544593 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6157514 | 6157514 | 5739793 | 417721 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 15253690 | 15253690 | 15121889 | 131801 |
| സി.എസ്.എസ് | 0 | 0 | 0 | 557043 | -557043 |
| എസ്.എസ്.എസ് | 0 | 0 | 0 | 1395000 | -1395000 |

വികസന ഫണ്ട് ജനറൽ ടി.എസ്.പി, സി.എസ്.എസ്, എസ്.എസ്.എസ് എന്നിവ നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ചെലവ് തുക | |
|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട് (ജനറൽ) | 11313296 | 14124497 |

| | | |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 2803360 | 2818026 |
| വികസന ഫണ്ട് (ടി.എസ്.പി) | 2128449 | 2539116 |

2.പട്ടികജാതി ഉപപദ്ധതി വിഹിതം പാഴായി

29.01.2018-ലെ, സ ഉ നം 11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 6.1(1)-ൽ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ തൻവർഷം 309808/- ചെലവഴിക്കാതെ പാഴാക്കി

3.ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 4261410 | 2962964 | 69.53 |
| | സേവനം | 10725911 | 9974541 | 93 |
| | പശ്ചാത്തലം | 2018880 | 1186992 | 58.79 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 335000 | 200000 | 59.70 |
| | സേവനം | 3031666 | 2618026 | 86.35 |
| പട്ടിക വർഗ്ഗ വിഭാഗം | ഉല്പാദനം | 412000 | 284000 | 68.93 |
| | സേവനം | 2547667 | 2255116 | 88.51 |
| ധനകാര്യകമ്മീഷൻ | സേവനം | 8696494 | 6792908 | 78.11 |
| | പശ്ചാത്തലം | 714000 | 712008 | 99.72 |

4.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700205 | ജില്ലാപഞ്ചായത്ത് | 1226407 |
| 2. | 320700405 | ജില്ലാപഞ്ചായത്ത് | 66960 |
| 3. | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 508117 |

## 1-4 പദ്ധതി അവലോകനം

| ആകെ പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 159 | 137 | 22 | 89946955 | 52939529 | 59 |

പദ്ധതിപ്പണം 59% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ട വിഷയമാണ്. വരും വർഷങ്ങളിലെ പദ്ധി ഇനം പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

## 1-5 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2208100 | 1510 |
| വിധവ പെൻഷൻ | 14674400 | 9386 |
| വാർദ്ധക്യകാലപെൻഷൻ | 29713500 | 20320 |
| വികലാംഗപെൻഷൻ | 5067600 | 3219 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 203200 | 136 |
| വിവാഹധനസഹായം | 90000 | 3 |

## 1-6 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2022 ന് 1.50 P.m. ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,843/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ, ഇൻവേഡ് രജിസ്റ്റർ, സ്റ്റാഫ് മിറ്റിംഗ് മിനിട്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. 2021-22 കാലയളവിൽ 956 അപേക്ഷകൾ ഫ്രണ്ട് ഓഫീസ് വഴി ലഭിച്ചിട്ടുണ്ട്. എല്ലാ അപേക്ഷകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏപ്രിൽ മുതൽ ILGMS വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. വിവരവകാശ നിയമപ്രകാരമുള്ള നോട്ടീസ്, പൗരവകാശരേഖയുടെ രത്നചുരുക്കം എന്നിവ പഞ്ചായത്തിന് മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ടോക്കൺ സംവിധാനം നിലവിലില്ല. പൗരവകാശ രേഖ 2021 -22ലാണ്അവസാനമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്കായി കുടിവെള്ളം, ടോയ് ലെറ്റ് സംവിധാനം, ഫീഡിംഗ് റൂം സംവിധാനം എന്നിവ ഒരുക്കിയിട്ടില്ല. തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. ഗ്രാമസഭ എടുക്കുന്ന തീരുമാനങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ല. ഊരുകൂട്ടം മിനിട്സുകളിൽ എടുക്കുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3591 | 999714 | 1003305 | 1001341 | 1964 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 108357826 | 108357826 | 108357826 | 0 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/03/22 മുതൽ 10/03/22 വരെ | 01/01/2021 മുതൽ 31/07/2021 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/03/2014 മുതൽ 20/03/2014 വരെ | 2008-09 മുതൽ 2012-13 വരെ |

## 1-10 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-2,65,493/- രൂപയുടെ തടസ്സം ചെലവ് തടസ്സം ചെയ്യുന്നു.

| ക്രമ | പ്രോജക്ട് | പദ്ധതിയുടെ | ബിൽനം/ | തുക | തുക കൈപ്പറ്റിയ |
|---|---|---|---|---|---|

| നമ്പർ | നമ്പർ | പേര് | തിയതി | | സ്ഥാപനം |
|---|---|---|---|---|---|
| 1 | S13/22 | ജില്ലാ ആസൂത്രണ സമിതിക്ക്കെട്ടിടം പണിയുന്നതിന് | 19/10.12.21 | 200000/- | ജില്ലാ ആസൂത്രണ ബോർഡ് |
| 2 | S2/22 | ഐ.കെ.എം ന് വിഹിതം നല്കൽ | 22/9.12.21 | 65493/- | ഐ.കെ.എം.ജില്ലാമിഷൻ |
| | | | | 2,65,493/ | |

സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 265493/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-11 കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല.

അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിന്റെ വാടക 2021-22 സാമ്പത്തിക വർഷവും ഈടാക്കിയിട്ടില്ല. കുടിശ്ശിക ഉൾപ്പെടെ വാടക ഈടാക്കാൻ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും നിർദ്ദേശിച്ചിരുന്നു.17.02.2022 ലെ12/2-ാം നമ്പർ തീരുമാനം പ്രകാരം കെ.എസ്.ഇ.ബി-യിൽ നിന്ന് വാടക ഈടാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ വാടക എത്രയെന്ന് കമ്മിറ്റി നിശ്ചയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.24 തീ. 28.10.2022) മറുപടി ലഭ്യമാക്കിയില്ല.കുടിശ്ശിക വാടക മുഴുവനായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം

ജി.ഒ(ആർ.റ്റി.)നം.686/2020/എൽ.എസ്.ജി.ഡി.(ഡിസി) തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് പഞ്ചായത്ത് തല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലും 13 പേരെ നിയമിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2021-22 വർഷം വിവിധങ്ങളായ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സെന്റ് തോമസ് സ്കൂൾ സി.എഫ്.എൽ.റ്റി.സി. തുടങ്ങുന്നതിനായി കളക്ടർ ഏറ്റെടുത്ത് പഞ്ചായത്തിനെ ഏൽപ്പിക്കുകയും കോവിഡ് കാലഘട്ടത്തിൽ സി.എഫ്.എൽ.റ്റി.സി. പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 01.04.2021 മുതൽ 31.3 .22 വരെ 6,93,000/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് , 100000/ രൂപ കളക്ടേറ്റിൽ നിന്നും തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിലെ ചെലവ് 2,165,183/ രൂപയാണ്. പഞ്ചായത്ത് തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. കമ്മ്യൂണിറ്റി കിച്ചൺ സ്പോൺസർഷിപ്പിലൂടെയാണ് നടപ്പിലാക്കിയത്. എന്നിരുന്നാലും ₹16901/-ചെലവഴിച്ചിട്ടുണ്ട്.

## 1-13 ആയുർ വേദമരുന്നുകൾ പൂർണമായും ലഭ്യമായില്ല

പ്രോജക്ട് നം -S0097/22.

പ്രോജക്ട് പേര് -ആയുർ വേദ മരുന്ന് വാങ്ങൽ.

അടങ്കൽ – 6,00,000/-

ചെലവ് - 6,00,000/- ( ബിൽ നം-1/21-22)

ഫണ്ടിനം - മെയിന്റനൻസ് ഗ്രാൻറ്.

കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് മരുന്ന വാങ്ങൽ പ്രോജക്ടിലുൾപ്പെടുത്തി ആറ് ലക്ഷം രൂപ ഔഷധിക്ക് 19.11.2021 ന് കൈമാറി. തുക കൈമാറിയ 19/11/2021 ന് ഔഷധിയുമായി ഏർപ്പെട്ട കരാർ പ്രകാരം തുക കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ഓഡിറ്റ് കാലയളവ് വരെയും 5,25,572/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ. മരുന്നുകൾ കരാർ വ്യവസ്ഥയിൽ അനുശാസിക്കും പ്രകാരം

സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വി.ഇ.ഓ.നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയില്ല. 10143884/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തൻവർഷം വി.ഇ.ഓ നിർവഹണം നടത്തിയ പദ്ധതികളിൽ പദ്ധതി നം. 187/2022 വി.ഇ.ഓ.ഓഫീസിന് 2 കമ്പ്യൂട്ടറും 1 പ്രിന്ററും വാങ്ങൽ എന്ന ഒരു പദ്ധതിയുടെ ഫയൽ ഒഴികെ മറ്റ് പദ്ധതികളുടെ ഫയലുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കാത്ത ഫയലുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|
| 188 | ഹരിതകർമ്മ സേനയ്ക്ക് വേതനം | 125000 | 125000 |
| 101 | വീട് വാസയോഗ്യമാക്കൽ-എസ്.സി.പി | 2278640 | 1875000 |
| 100 | പാഥേയം | 714240 | 700000 |
| 98 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-ജനറൽ | 1300000 | 1100000 |
| 165 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-ജനറൽ-സ്പിൽ ഓവർ | 1450000 | 1450000 |
| 105 | ലൈഫ് സമ്പൂർണ ഭവന നിർമ്മാണം- | 20549000 | 1725000 |
| 102 | ന്യൂലൈഫ്-ലക്ഷം വീട് കോളനി നവീകരണം | 1399524 | 99524 |
| 107 | ലൈഫ് ജനറൽ | 1101400 | 590000 |
| 156 | ഹരിതകർമ്മസേനയ്ക്ക് വി.ജി.എഫ്. | 225000 | 225000 |
| 10 | പി.എം.എ.വൈ.ഭവന നിർമ്മാണം- | 309360 | 309360 |
| 163 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-പട്ടികജാതി-സ്പിൽ ഓവർ | 450000 | 450000 |
| 155 | ഹരിതസഹായ സ്ഥാപനത്തിന് ഓണറേറിയം | 100000 | 100000 |
| 164 | കുളസ് മെയിന്റനൻസ് | 1600000 | 1395000 |

മേൽ സൂചിപ്പിച്ച ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് 20/10/2022 ൽ ഓഡിറ്റ് റിക്വസിഷൻ (നം-1) നൽകിയിരുന്നു. എന്നാൽ ഫയലുകളോ അനുബന്ധ രജിസ്റ്ററുകളോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുടർന്ന് ഓഡിറ്റ് അന്വേഷണം നം- 12/2022 തീയതി:25.10.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പദ്ധതികൾ നിർവഹണം നടത്തിയ വി.ഇ.ഒ നിലവിൽ സസ്പെൻഷനിലാണെന്നും ഫയലുകൾ ഒന്നും തന്നെ ഓഫീസിൽ കൈമാറിയിട്ടില്ലെന്നും സാമ്പത്തിക ക്രമക്കേടിന്മേൽ നിലവിൽ വിജിലൻസ് അന്വേഷണം നടക്കുകയാണെന്നും നിലവിലെ വി.ഇ.ഓ. മറുപടി ലഭ്യമാക്കി. ഫയലുകൾ പരിശോധിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 10143884/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും-അവലോകനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 75 പദ്ധതികൾ ഏറ്റെടുത്തു. ഇതിൽ 68 പദ്ധതികൾ തൻവർഷം നടപ്പിലാക്കി. ആകെ 26768354/-രൂപാ വകയിരുത്തിയതിൽ 23857230/- രൂപാ ചെലവഴിച്ചിട്ടുണ്ട്. നിർവഹണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | പുതിയ പദ്ധതികൾ | സ്പിൽഓവർ പദ്ധതികൾ | ആകെ പദ്ധതികൾ |
|---|---|---|---|
| ഏറ്റെടുത്തവ | 54 | 21 | 75 |
| നടപ്പിലാക്കിയവ | 47 | 21 | 68 |
| നടപ്പിലാക്കാത്തവ | 7 | 0 | 7 |

1) അവസ്ഥാ റിപ്പോർട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക പദ്ധതികൾ ഏറ്റെടുക്കുന്നില്ല .

സ്ഥാപനത്തിന്റെ അവസ്ഥാ റിപ്പോർട്ട് പരിശോധിച്ചതിൽ സ്കൂളുകൾ, അംഗനവാടികൾ, ബഡ്സ് സ്കൂളുകൾ, പി.എച്ച്.സി, കൃഷി ഭവൻ, ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ ചുറ്റുമതിലുകൾ ഇല്ല. സ്കൂളുകൾ, അംഗനവാടികൾ, ബഡ്സ് സ്കൂളുകൾ എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം കുറവാണ്. കൂടാതെ നിലവിൽ ഇവിടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലില്ല. ഈ സ്ഥാപനങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതായും അറ്റകുറ്റപ്പണികൾ ആവശ്യമായതായും സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക പദ്ധതികൾ സ്ഥാപനം ഏറ്റെടുത്തിട്ടില്ല. അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്.

2)വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് .

2021-22 സാമ്പത്തിക വർഷം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചേർന്നിട്ടില്ല. ഓരോ തവണയും വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിക്കേണ്ടതാണ്.ഇത്തരത്തിൽ ഒരു പ്രവർത്തനം ഇവിടെ നടന്നിട്ടില്ല. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല. പദ്ധതി രൂപീകരണ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതും ഗ്രാമസഭാ നിർദ്ദേശങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. സർക്കാർ ഉത്തരവ് (കൈ നം 11/2018 ത.സ്വ.ഭ.വ തീയതി 29-01-2018 പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പ് നിർവഹിക്കേണ്ടതാണ്.

3)പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കേണ്ടതാണ് .

ഓഡിറ്റ് വർഷത്തിൽ 10 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 28/11/2021 ലെ യോഗം തീരുമാനം നം 4(3) പ്രകാരം ആസ്തി രജിസ്റ്റർ പുതുക്കുന്നതിനും പഞ്ചായത്ത് റോഡ് അളന്ന് തിട്ടപ്പെടുത്തുന്നതിനും എൽ.എസ്.ജി.ഡി.യോട് നിർദ്ദേശിക്കുന്നതിനോട് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-16 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥാനമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്ഥിരീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് 6 ന്റെ മറുപടി) ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

## 1-17 റോഡ് പദ്ധതികൾ നിർദ്ദേശം പാലിക്കാതെ നടപ്പാക്കുന്നു.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ പദ്ധതികളിൽ 80% ൽ അധികം പദ്ധതികളും റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികളും റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികളുമാണ്.എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയല്ല ഈപ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്.

സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഈ സാമ്പത്തിക വർഷത്തിലോ ഇത്തരം പദ്ധതി ഏറ്റെടുത്തിട്ടില്ല.

ഇവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/2022) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ലായെന്നും സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന തരത്തിലുള്ള റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി.

## 1-18 എ.ഇ.ഓഫീസിന് ഉപകരണങ്ങൾ വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഹൈസ്പീഡ് സ്കാനർ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| പദ്ധതി നം | പദ്ധതിയുടെ പേര് | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| 182 | എ.ഇ.ഓഫീസിന് മൂന്ന് കമ്പ്യൂട്ടർ വാങ്ങൽ | 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ |
| 180 | എ.ഇ.ഓഫീസിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ | 1 ഫോട്ടോസ്റ്റാറ്റ് മെഷീൻ |
| 181 | എ.ഇ.ഓഫീസിന് ഹൈസ്പീഡ് സ്കാനർ വാങ്ങൽ | 1 ഹൈസ്പീഡ് സ്കാനർ |
| 124 | എ.ഇ ഓഫീസിന് കമ്പ്യൂട്ടറും ഫർണീച്ചറും വാങ്ങൽ | 1ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ<br>1 പ്രിന്റർ. |

സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം - 19/ 2022 തീയതി: 26.10.2022.) മറുപടി ലഭ്യമാക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തില്ല. സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത ഉപകരണങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിക്കുന്നതിന് പകരം ഗ്രാമ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത കമ്പ്യൂട്ടറുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അടിയന്തിരമായി കൈമാറേണ്ടതാണ്. കൂടാതെ കമ്പ്യൂട്ടറുകൾ സ്റ്റോക്കിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-19 സ്റ്റീൽ പ്രവൃത്തി- Built Up Tubular-round,square Or Rectangular Hollow Tubes Etc ഉപയോഗിച്ചുള്ള Stess Work അധിക നിരക്ക് കണക്കാക്കി തുക നല്കി- നഷ്ടം 1850/-രൂപ.

| | |
|---|---|
| പദ്ധതി. | മായം ഹോസ്പിറ്റൽ മെയിന്റനൻസ് |
| പ്രോജക്ട് നം | 192/2022 |
| അടങ്കൽ | 499000/- |
| ചെലവ് | 399000/- |
| ബിൽ നം/ചെക്ക് നം | 57.തീയതി.31.03.2022 |
| കൺവീനർ | ആർ.ചന്ദ്രകുമാർ. |
| ഡി.എസ്.ആർ | 2018 |
| കോസ്റ്റ് ഇൻഡക്സ് | 35.59% |

പ്രസ്തുത പ്രവൃത്തിയിൽ ഇനം നമ്പർ 10 ആയി (DSR-10-16-1) Steel Work Built Up Tubular-round,square Or Rectangular Hollow Tubes Etc എന്നയിനം ഉപയോഗിച്ചതിൽ ഓരോ സ്പെസിഫിക്കേഷനിലുമുള്ള ഇനം സ്റ്റീൽ ഉപയോഗിച്ചതിന്റെ ഭാരം കണക്കായിയതിലെ പിശക് കാരണം അധിക തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1.M Book Page No-17

ഉപയോഗിച്ച ഇനം.

25*25mm Vertical

08x0.91=7.28m

16x0.37=5.92m

28x1.37=38.36m

08x0.47=3.76m

ആകെ=55.32 മീറ്റർ

കണക്കാക്കിയ ഭാരം-

55.32 മീറ്റർ@2.20kg/m=121.704kg

കണക്കാക്കേണ്ടിയിരുന്ന ഭാരം-എസ്റ്റിമേറ്റ് അനുമതി പ്രകാരമുള്ളതും മറ്റ് പ്രവൃത്തികൾക്ക് അനുവദിച്ചതുമായ ഭാരം

55.32മീറ്റർ @2.10kg/m=116.532kg

അധിക ഭാരം=5.532kg

2.M Book Page No-18

ഉപയോഗിച്ച ഇനം.

25*25mm Vertical

2x1.20=2.12m

5x0.20=1.00m

ആകെ-3.12 മീറ്റർ

കണക്കാക്കിയ ഭാരം-

3.12മീറ്റർ@2.90kg/m=9.048kg

കണക്കാക്കേണ്ടിയിരുന്ന ഭാരം-എസ്റ്റിമേറ്റ് അനുമതി പ്രകാരമുള്ള ഭാരം

3.12മീറ്റർ@1.06kg/m=3.6192kg

അധിക ഭാരം-5.4288kg

അധിക തുക=10.96kg(5.532+5.4288)

10.96kg@168.81/-kg=1850/-

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 10/2022തീയതി: 25.10.2022.ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 1850/-രൂപ കരാറുകാരനിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-20 വെയറിംഗ് കോട്ട് അധിക അളവിൽ രേഖപ്പെടുത്തി തുക നൽകി-നഷ്ടം 4098/-രൂപ

1.പ്രവൃത്തി-കാന്താരിവിള റോഡ് റീടാറിംഗ് &ഡ്രെയിൻ

| | |
|---|---|
| പ്രോജക്ട് നം | 40/2022 |
| അടങ്കൽ | 435000/- |
| ചെലവ് | 434551/- |
| ബിൽ നം/ചെക്ക് നം | 32.തീയതി.21.03.2022 |
| കരാറുകാരൻ | ബി.ചന്ദ്രകുമാർ. |
| എം ബുക്ക് നം | 521/2021-22 |
| ഡി.എസ്.ആർ | 2016 |
| കോസ്റ്റ് ഇൻഡക്സ് | 37.93% |

മേൽ പ്രവൃത്തിയിൽ (40/2021-22) ഇനം നം 5 ആയി 23.8 മീറ്റർ നീളം 90 സെ.മീ.വീതിയിൽ ഓടനിർമ്മാണത്തിനായി എർത്ത് വർക്ക് ചെയ്തിട്ടുണ്ട്. ശേഷം ഇനം നം 6 ആയി 10 സെ.മീ കനത്തിൽ M10 ചെയ്തിട്ടുണ്ട്. അതിനു ശേഷം ഇനം നം 7 ആയി M15 ഉപയോഗിച്ച് ഇരുവശത്തുമായി സൈഡുവാളുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിനു ശേഷം M20 ഉപയോഗിച്ച് ചെയ്തിരിക്കുന്ന വെയറിംഗ് കോട്ടിന്റെ നീളം 38.3 മീറ്ററാണ്. ഇവിടെ ഓട നിർമ്മിക്കാത്ത പ്രദേശത്ത് (14.5 മീറ്റർ) വെയറിംഗ് കോട്ട് നൽകിയതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത ഇനത്തിന് തുക അനുവദിച്ചതിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

ഓടയ്ക്ക് വെയറിംഗ് കോട്ട് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്-

14.50x0.50x0.050=0.362 $M^3$

14.50x0.50x0.050=0.362 $M^3$

08.20x0.50x0.050=0.205 $M^3$

01.10x0.50x0.050=0.0275 $M^3$

...................................................

ആകെ 0.9565 $M^3$

ഓടയ്ക്ക് വെയറിംഗ് കോട്ട് ചെയ്യേണ്ടിയിരുന്ന( രേഖപ്പെടുത്തേണ്ടിയിരുന്ന) അളവ്-

14.50x0.50x0.050=0.362 $M^3$

08.20x0.50x0.050=0.205 $M^3$

01.10x0.50x0.050=0.0275m3

...................................................

ആകെ – 0.595 $M^3$

അധികം അനുവദിച്ച അളവും തുകയും

0.363@7664.7=2782/-രൂപ

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് ഓഡിറ്റ് അന്വേഷണം - 09/ 2022 തീയതി: 25.10.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

2. പ്രവൃത്തി-പൂച്ചമുക്ക് കമ്പിച്ചൽ റോഡ് മെയിന്റനൻസ് കലുങ്ക് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം | 111/2022 |
| അടങ്കൽ | 87256/- |

| | |
|---|---|
| ചെലവ് | 82215/- |
| ബിൽ നം/ചെക്ക് നം | 3.തീയതി.21.03.2022 |
| കരാറുകാരൻ | ഡി.ക്രിസ്തുദാസ് |
| എം ബുക്ക് നം | 628/2019-20 |
| ഡി.എസ്.ആർ | 2016 |
| കോസ്റ്റ് ഇൻഡക്സ് | 37.93% |

ഈ പ്രവൃത്തിക്ക് ഇനം നം 2 ആയി Pcc M10 ഉപയോഗിച്ച് 69.95 മീറ്റർ നീളത്തിലും 1.10 മീറ്റർ വീതിയിലും ഓടയ്ക്ക് Base Concrete ചെയ്തിട്ടുണ്ട്. ശേഷം 69.95 മീറ്റർ നീളത്തിൽ ഒരു വശം 0.25 മീറ്റർ വീതിയിലും മറു വശം 0.30 മീറ്റർ വീതിയിലും രണ്ട് സൈഡ് വാളുകൾ നിർമ്മിച്ചിട്ടുണ്ട്. അതിനുശേഷം ഓടയുടെ അവശേഷിക്കുന്ന വീതി 55 സെ.മീ മാത്രമാണ്. എന്നാൽ M20 ഉപയോഗിച്ചുള്ള വെയറിംഗ് കോട്ട് 60 സെമീ വീതിയിൽ രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നു. ഇത് അധികച്ചെലവിന് വഴിതെളിച്ചിട്ടുണ്ട്.

വെയറിംഗ് കോട്ടിന് കണക്കാക്കിയ അളവ്

69.95x0.60x0.05=2.097$m^3$

വെയറിംഗ് കോട്ടിന് കണക്കാക്കേണ്ടിയിരുന്ന അളവ്

69.95x0.55x0.05=1.923$m^3$

അധികം അളവ്

=0.174$m^3$

അധികം നൽകിയ തുക നൽകിയ വിവരം

0.174@7560.46/-$m^3$=1316/-

1316/-രൂപ അധികം നൽകിയതിന് വിശദീകരണം/മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 11/ 2022 തീയതി: 25.10.2022 ന് മറുപടി ലഭ്യമാക്കിയില്ല.
ഇരു പ്രവൃത്തികളിലുമായി അധികം അനുവദിച്ച തുക 4098/-രൂപ (2782+1316) അതാത് കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-21 വി.ഇ.ഓ.നടപ്പിലാക്കിയ കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി സ്റ്റോക്ക് രജിസിറ്റർ സൂക്ഷിക്കുന്നില്ല.

പദ്ധതി നം. 187/22 പ്രകാരം വി.ഇ.ഒ.ഓഫീസിന് രണ്ട് കമ്പ്യൂട്ടറുകൾ Power CMS Technology എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്പ്യൂട്ടറുകൾ സ്റ്റോക്കിൽ ചേർത്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം - 22/ 2022 തീയതി: 28.10.2022.) മറുപടി ലഭ്യമാക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തില്ല. സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത കമ്പ്യൂട്ടറുകൾ വി.ഇ.ഓ.ഓഫീസിൽ സൂക്ഷിക്കുന്നതിന് പകരം ഗ്രാമ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത കമ്പ്യൂട്ടറുകൾ വി.ഇ.ഒ ഓഫീസിലേക്ക് അടിയന്തിരമായി കൈമാറേണ്ടതാണ്. കൂടാതെ കമ്പ്യൂട്ടറുകൾ സ്റ്റോക്കിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-22 പ്രീ-മൺസൂൺ ശുചീകരണം-100000/ രൂപയുടെ ചെലവ് വിവരങ്ങൾ ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളുടെ മൺസൂണിന് മുൻമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നം. 22100061/5.5.21 പ്രകാരം 1 ലക്ഷം രൂപ സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ട്. ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ രണ്ട് മാസത്തിനകം ഹാജരാക്കാത്ത പക്ഷം പ്രസ്തുത തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-23 എസ്.എസ്.എ വിഹിതം - ചെലവ് തുകയായ100000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | 02/22 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | എസ്.എസ്.എ വിഹിതം |
| അടങ്കൽ തുക | 100000 |
| ചെലവ് തുക | 100000 |
| ബിൽ നം/തീ | 03/21-22 തീ-21.01.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 1 ലക്ഷം രൂപ നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം- 14 /2022ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ 100000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം രണ്ട് മാസത്തിനകം ഹാജരാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-24 തുല്യത പദ്ധതി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 95/22 |
| പ്രോജക്റ്റിന്റെ പേര് | തുല്യത പദ്ധതി |
| അടങ്കൽ തുക | 50000 |
| ചെലവ് തുക | 37800 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| ബിൽ നം/തീ | 03/21-22 തീ-29.11.21 |

1.പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 37800/- രൂപ കേരള സംസ്ഥാന സാക്ഷരതമിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല.

2. പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14 /2022ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവു തുകയുടെ വിനിയോഗ സാക്ഷ്യപത്രം 2 മാസത്തിനകം ലഭ്യമാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-25 അമൃതം ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് നടത്തിയിട്ടില്ല

22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലാബ് ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.സർക്കാർ നിർദ്ദേശപ്രകാരം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 1293367 | 541394 | സ്നേഹസ്പർശം | 334875 | |
| | - | | | ലൈഫ് സമ്പൂർണ ഭവനനിർമ്മാണം(പട്ടികവർഗം) | 100000 | |
| | | | | ക്ഷീരസമൃദ്ധി (വനിത) | 49999 | |
| | | | | ക്ഷീരസമൃദ്ധി (ജനറൽ) | 56520 | |
| ആകെ | | 1293367 | 541394 | | 541394 | 1293367 |
| ബ്ലോക്ക് പഞ്ചായത്ത് | | 736242 | 1067157 | സ്നേഹസ്പർശം | 334875 | |
| | | | | അങ്കണവാടി പോഷകാഹാരം | 191800 | |
| | | | | ലൈഫ് സമ്പൂർണഭവനം (പട്ടികവർഗം) | 140000 | |
| | | | | ലൈഫ് (ജനറൽ) | 100000 | |
| | | | | ക്ഷീരസമൃദ്ധി (വനിത) | 200484 | |
| | | | | ക്ഷീരസമൃദ്ധി (ജനറൽ) | 199998 | |
| ആകെ | | 736242 | 1067157 | | 1167157* | 508117 |

*128125/- രൂപയുടെ ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 സാമ്പത്തികവർഷം നിക്ഷേപപ്രവൃത്തികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC ലോൺ | ലഭ്യമാക്കിയിട്ടില്ല | 31730000 | 29675295* (ധനകാര്യ പത്രിക പ്രകാരം ) | ലഭ്യമാക്കിയിട്ടില്ല | 2185334 | 27489961** (ധനകാര്യപത്രിക പ്രകാരം ) |
| ഇ.എം.എസ് ഭവന പദ്ധതി | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | 606678*** (ധനകാര്യപത്രിക പ്രകാരം ) | - | (ധനകാര്യപത്രിക പ്രകാരം ) | 0 ധനകാര്യപത്രിക പ്രകാരം ) |

*വായ്പ രജിസ്റ്റർ പ്രകാരം 27359334/-

** വായ്പ രജിസ്റ്റർ പ്രകാരം- 25174000/-

***വായ്പ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.5/22 ന് മറുപടിയായി ലോൺ ക്ലോസ്സ് ചെയ്തെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജിതശ്രമങ്ങൾ. |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി സ്ഥാപനനികുതി. | സ്ഥാപനനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8841648.00 |
| വരവ് | 69150526 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 77992174 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70515669 |
| നീക്കിയിരിപ്പ് | 7476505 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10409377/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി | |
| ശ്രീമതി ബിന്ദുകുമാരി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 265493 | ശ്രീ.സന്തോഷ് കുമാർ.പി.ബി സെക്രട്ടറി |
| 1-14 | 10143884 | ശ്രീമതി ബിന്ദുകുമാരി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 10409377 | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 1 | 2-2 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 2 | 3-7, 3-8 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | Nil | -- |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 1 | 3-2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 2 | 3-1(1, 2), 3-4 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | Nil | -- |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | Nil | -- |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 3 | 2-1, 3-7-1, 3-11 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 3 | 3-2, 3-9, 3-11 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 3 | 2-2, 3-9, 3-10 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 1 | 3-17 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 1 | 2-1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 5 | 2-3, 3-10, 3-11, 3-12, 3-14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | Nil | -- |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1925/2022 തീയതി 14.10.2022 | 11 | 2-6, 3-10-2, 2-1, 2-2, 2-3, 3-4, 3-8, 3-13, 3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2261/2018 തീയതി 14.01.2019 | 16 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1700/19 തീയതി 16.10.2019 | 23 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/112/2022 തീയതി 28.01.2022 | 44 | |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/952/2022 തീയതി 30.06.2022 | 48 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അനൂരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്